## (96.) വല്യയന്തി സെന്റ് തോമസ് മലങ്കര കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

വല്യയന്തി പ്രദേശവാസികളായ 15 കുടുംബങ്ങൾ മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശിൽപിയായ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ സഭൈക്യ സംരംഭങ്ങളിൽ ആകൃഷ്ടരായി 1930-ൽ മൈലപ്രാ തിരുഹൃദയ കത്തോലിക്കാപള്ളിയിലെ അംഗങ്ങളായി. മുള്ളും കല്ലും നിറഞ്ഞ മുള്ളൻകല്ല് എന്ന് അപരനാമത്തിൽ അറിയപ്പെടുന്ന വല്യയന്തി പ്രദേശത്തിന്റെ ചരിത്രം കൃഷിയും കച്ചവടവുമായി കടന്നു വന്ന അയ്പുണ്ണിൽ, ചിറക്കടവിൽ എന്നീ രണ്ട് കുടുംബങ്ങളുടെ അഗ്രഹപൂർണ്ണമായ കുടിയേറ്റത്തിന്റെ ചരിത്രം കൂടിയാണ്. ഇന്ന് ഈ ഇടവകയിൽ അംഗങ്ങളായിരിക്കുന്നവരിൽ ഏറെപേരും ഈ രണ്ട് കുടുംബങ്ങളുടെ തായ്‌വഴിയിൽപ്പെട്ടവരാണ്. വിശ്വാസാധിഷ്ഠിതമായ പ്രർത്ഥനാ ജീവിതത്തിന്റേയും ത്യാഗിന്റേയും ഫലമാണ് ഇന്ന് കാണുന്ന ദേവാലയം.

ആദ്യകാലങ്ങളിൽ മൈലപ്രാ തിരുഹൃദയ കത്തോലിക്കാപള്ളിയിൽ അംഗങ്ങളായിരുന്ന വിശ്വാസികൾക്ക് യാത്രാസൗകര്യം നന്നേ കുറഞ്ഞിരുന്ന ആ കാലങ്ങളിൽ ദേവാലയത്തിൽപോയി വരാനുള്ള പ്രയാസം കണക്കിലെടുത്ത് വല്യയന്തി പ്രദേശത്ത് ഒരു പുതിയ ദേവാലയം പണിയാൻ അനുമതി നൽകണമെന്ന് സഭാ അധികാരികളെ അറിയിച്ചെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം അനുമതി ലഭിച്ചില്ല. എന്നാൽ തുടർന്നും വിശ്വാസികളുടെ പ്രതിനിധികളായി പി.ചെറിയാൻ പുളിന്തിട്ട, അവിരാ വർഗീസ് മേലേകാലായിൽ, അവിരാ ജോർജ്ജ് മേലേക്കാലായിൽ, തൊമ്മി യോഹന്നാൻ മേലേക്കാലായിൽ എന്നിവർ ഫാ. എ.ജി. ഏബ്രഹാം (മൈലപ്രാ അച്ചൻ) മുഖേന സഭാധികാരികളെ അറിയിക്കുകയും 1950-ൽ വല്യയന്തിയിൽ ദേവാലയം നിർമ്മിക്കാനുള്ള അനുമതി ലഭിക്കുകയും ചെയ്തു.

വിശുദ്ധ ചാവറയച്ചന്റെ പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന ആശയം അന്വർത്ഥമാക്കും വിധം മുൻപ് തന്നെ സ്ഥാപിതമായിരുന്ന എം.സി.സി.എൽ.പി. സ്കൂളിന്റെ സമീപായി ഒരു ചാപ്പൽ പണിത് ആരാധന നടത്തുവാൻ തീരുമാനിച്ചു. ചാപ്പലിന്റെ ശിലാസ്ഥാപനം വന്ദ്യ പുത്തൻപുരയ്ക്കൽ ഗീവർഗീസ് അച്ചന്റെ (കടമ്മനിട്ട അച്ചൻ) മഹനീയ സാന്നിധ്യത്തിൽ മൈലപ്രാ അച്ചൻ നിർവഹിച്ചു. ഈ ദേവാലയത്തിന് എന്നും ആത്മീയ പന്ഥാവിൽ പ്രകാശമായിരുന്ന ഈ രണ്ട് വൈദികരേയും ഇടവക എന്നും നന്ദിയോടെ ഓർക്കും.

തുടർന്നും ഇടവക സമൂഹം ചാപ്പലിനെ പള്ളിയായി ഉയർത്തുന്നതിന് വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായി സ്കൂളിന്റെ ആവശ്യം കഴിഞ്ഞുള്ള സ്ഥലവും ചുരുളിയ്ക്കൽ തടത്തിൽ മത്തായി തോമസിനോട് വാങ്ങിയ സ്ഥലവും ചേർത്ത് 1953-ൽ ഒരു ദേവാലയം നിർമ്മിച്ചു. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് ദേവാലയത്തിന്റെ കൂദാശ കർമ്മം നിർവഹിച്ചു. അഭിവന്ദ്യപിതാവ് മെത്രാനായി അഭിഷക്തനായതിനുശേഷം ആദ്യം കൂദാശ ചെയ്ത ദേവാലയവും ഇതായിരുന്നു. ഇടവകയുടെ പ്രഥമ വികാരിയായി ഫാ. ഏബ്രഹാം തൈക്കൂട്ടത്ത് സ്ഥാനമേറ്റു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവും, അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവും ബാല്യകാല വിദ്യാഭ്യാസം പൂർത്തിയാക്കിയത് ഈ ദേവാലയത്തോട് ചേർന്നുള്ള സ്കൂളിലാണ് എന്നത് ഇടവകയ്ക്ക് ഏറെ അഭിമാനം പകരുന്ന കാര്യമാണ്.

സമൂഹനന്മ കണക്കാക്കി 80 വർഷം പഴക്കമുള്ള സർക്കാർ എയ്ഡഡ് സ്കൂൾ കെട്ടിടം ഇടവകയുടെ അന്നത്തെ വികാരിയായിരുന്ന ചാക്കോ തടത്തിലച്ചന്റെ നേതൃത്വത്തിൽ നവീകരിച്ചു നല്കി. 1986-ൽ മാത്യു കയ്യാലയ്ക്കൽ അച്ചൻ വികാരിയായിരുന്നപ്പോൾ നിലവിലുണ്ടായിരുന്ന ദേവാലയം പൊളിച്ച് പുതിയ ദേവാലയം നിർമ്മിച്ചു. തുടർന്ന് കാലാനുസൃതമായി പലനവീകരണങ്ങളും നടത്തിയെങ്കിലും കാലപ്പഴക്കം മൂലം ഫാ.ജോജി പേഴുംമൂട്ടിൽ വികാരിയായിരുന്ന അവസരത്തിൽ ദേവാലയം പുനർനിർമ്മിക്കാൻ ഇടവക തീരുമാനിക്കുകയും അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ മുമ്പിൽ ആവശ്യം അറിയിക്കുകയും ചെയ്തു. തുടർന്ന് 2015 നവംബറിൽ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും, അഭിവന്ദ്യ ഐറേനിയോസ് പിതാവിന്റെ സഹകാർമ്മികത്വത്തിലും പുതിയ ദേവാലയം കൂദാശ ചെയ്യപ്പെട്ടു. പീഠത്തിന്മേൽ സ്ഥാപിക്കപ്പെട്ട ദീപം കണക്കെ വല്യയന്തി ദേശത്തിനാകെ പ്രകാശം പരത്തി ഈ ദേവാലയം നിലനിർക്കുന്നു.

അവനോടുകൂടി നമുക്കും പോയി മരിക്കാം എന്ന് പറഞ്ഞ ക്രിസ്തുശിഷ്യനും ഭാരതത്തിന്റെ അപ്പോസ്തോലനുമായ മാർതോമ്മാ ശ്ലീഹായുടെ നാമത്തിൽ ജോഷ്വാ പീടികയിൽ വികാരിയായിരുന്ന കാലത്ത് നിർമ്മിച്ച കുരിശ്ശടിയും ദേവാലയത്തോടൊപ്പം പുനർനിർമ്മിച്ചു.

പ്രാരംഭകാലത്ത് ചെറിയ സമൂഹമായിരുന്ന ഇടവക ഇന്ന് ആത്മീയമായും ഭൗതീകമായും അഭിവൃദ്ധിപ്പെട്ട് പത്തനംതിട്ട രൂപതയുടെ ഭാഗമായി നിലകൊള്ളുന്നു. സണ്ടേസ്കൂൾ, എം.സി.വൈ.എം., മാതൃവേദി എന്നീ ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ ദേവാലയത്തിൽ സജ്ജീവമാണ്. ഇടവകാംഗമായ സിസ്റ്റർ ആനി തെരേസ ഡി.എം. സന്യാസിനി സമൂഹാംഗമായി സേവനം അനുഷ്ഠിക്കുന്നു. അനുദിനം ദൈവമാതാവ് വിശുദ്ധ കന്യകാമറിയിന്റേയും ഇടവക മധ്യസ്ഥനായ വിശുദ്ധ തോമ്മാശ്ലീഹായുടേയും മാധ്യസ്ഥത്തിൽ ഇടവക സമൂഹം അഭിവൃദ്ധി പ്രാപിച്ചുവരുന്നു.

**വല്യയന്തി ഇടവകയിൽ സേവനം ചെയ്ത വൈദികർ**

1. റവ.ഫാ. ഏബ്രഹാം തൈക്കൂട്ടത്ത്
2. റവ.ഫാ. ഇടിക്കുള പാണ്ടിയത്ത്
3. റവ.ഫാ. വർഗീസ് കുറ്റിയിൽ
4. റവ.ഫാ. ജേക്കബ് ജോൺ
5. റവ.ഫാ. ദാനിയേൽ വടക്കേക്കര
6. റവ.ഫാ. ജോഷ്വാ പീടികയിൽ
7. റവ.ഫാ. സാമുവേൽ തൈക്കൂട്ടിൽ റമ്പാൻ
8. റവ.ഫാ. മാത്യു വാഴപ്പിള്ളേത്ത് റമ്പാൻ
9. റവ.ഫാ. ജോസഫ് തടത്തിൽ
10. റവ.ഫാ. തോമസ് പടയാനിക്കൽ
11. റവ.ഫാ. മാത്യു കയ്യാലയ്ക്കൽ
12. റവ.ഫാ. ചാക്കോ തടത്തിൽ
13. റവ.ഫാ. അലക്സാണ്ടർ കോയിക്കലേത്ത്
14. റവ.ഫാ. മാത്യു പള്ളത്തുമുറിയിൽ
15. റവ.ഫാ. ജോൺ ജി. വടക്കേപുറം
16. റവ.ഫാ. മാത്യു ആലുംമൂട്ടിൽ
17. റവ.ഫാ. വർഗീസ് കുത്തിനേത്ത്
18. റവ.ഫാ. ഏബ്രഹാം മണ്ണിൽ
19. റവ.ഫാ. വർഗീസ് കൈതോൺ
20. റവ.ഫാ. മാത്യു പേഴുംമൂട്ടിൽ
21. റവ.ഫാ. ദാനിയേൽ ബഥേൽ

22. റവ.ഫാ. ജോയേൽ പൗവ്വത്ത്

23. റവ.ഫാ. കുറിയാക്കോസ് കുത്തിനേത്ത്

24. റവ.ഫാ. ക്രിസ്റ്റി ജോൺ ഒ.ഐ.സി.